
Sunday
Vol. 14 No. 29
CYCLE - C



# വെർബും ദോമിനി

# VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ജൂൺ 08

## പെന്തക്കോസ്താത്തിരുനാൾ

# പുതിയ നിയമം

ഫാ. മാർട്ടിൻ കബ്രാൾ PMI



ക്രിസ്തുമസ് കാലത്തെ പുൽക്കൂട്ടിലെ ഉണ്ണിയേശുവും, ദു:ഖവെള്ളിയിലെ ക്രൂശിതനായ മിശിഹായും നമ്മുടെയൊക്കെ കണ്ണുകൾക്ക് ഇന്ദ്രീയഗോചരമായ ദൈവസാന്നിധ്യം പകരുമ്പോൾ പെസഹാരഹസ്യങ്ങളുടെ പൂർണ്ണതയാകുന്ന പെന്തക്കോസ്താത്തിരുനാൾ മനുഷ്യന്റെ ഉള്ളിൽ വാസം ചെയ്ത് അവനെ തനിക്ക് ഇഷ്ടമുള്ളപ്പോൾ, ഇഷ്ടമുള്ള രീതിയിൽ, ഇഷ്ടമുള്ള സമയത്ത്, തനിക്ക് ഇഷ്ടമുള്ളിടത്തേയ്ക്ക് ഉള്ളിൽ നിന്നും ചലിപ്പിക്കുന്ന പരിശുദ്ധാത്മാവിനെയാണല്ലോ പരിചയപ്പെടുത്തുക. ഈശോയുടെ മനുഷ്യാവതാരത്തിൽ വിതയ്ക്കപ്പെട്ട്, പീഢാസഹനത്തിൽ അരഞ്ഞലിഞ്ഞ്, പെസഹാനാളിൽ ഉയിർക്കൊണ്ട കർത്താവ് നമുക്ക് നേടിത്തന്ന ആന്തരിക ജീവന്റെ അച്ചാരവും നിയമവുമാണല്ലോ സഹായകനായ പരിശുദ്ധാരൂപി.

പെന്തക്കോസ്താത്തിരുനാൾ ഒരു ക്രൈസ്തവോത്സവമാകുന്നതിനു മുൻപേ അതൊരു ഹെബ്രായ തിരുനാൾ (ലേവ്യർ 23: 15 – 16, സംഖ്യ 28: 26) ആണ്. യേശുവിന്റെ നാളുകളിൽ ദൈവജനമായ ഇസ്രായേൽ ദൈവത്തിന്റെ ദാനമായ തോറയ്ക്ക് (നിയമം) കർത്താവിന് കൃതജ്ഞതയർപ്പിക്കുന്ന ദിനമായിരുന്നു പെന്തക്കോസ്ത. തോറ ഇസ്രായേല്യരെ മഹത്വമുള്ള ജനതയാക്കിയെങ്കിലും അത് ബാഹ്യ നിയമമായി തുടർന്നു. അത് പൂർവികർക്കു പോലും വഹിക്കാൻ കഴിയാത്ത ഒരു നുകമായിരുന്നു (അപ്പോ 15: 10 – 11) എന്ന് അപ്പോസ്തല നടപടിയും സാക്ഷ്യപ്പെടുത്തുന്നു. ആയതിനാൽ മനുഷ്യനെ ദൈവമനസ്സിന് അനുരക്തനും, അനുധാവകനുമാക്കുന്ന ഒരു ആന്തരിക നിയമം പകർന്നു നൽകപ്പെടുന്ന ദിനം പെന്തക്കോസ്ത ദിനവുമായി ഒത്തുചേരുന്നത് ഉചിതമാണല്ലോ (അപ്പോ 2: 1 – 11).

ഈശോ നമുക്ക് നൽകിയ അനന്തരാവകാശം അവിടുത്തെ ആത്മാവ് തന്നെയാണ്. ഈ ആത്മാവിന്റെ വിളിക്കും, വിധിക്കുമനുസരിച്ച് തന്നെ ചലിപ്പിച്ച് "ദൈവ-മനുഷ്യ സൗന്ദര്യത്തെ" തന്നിൽ സമന്വയിപ്പിച്ച്, ശാശ്വതവും നവ്യവുമായ കൽപ്പനയായി (യോഹ 14: 15) കൽപ്പലകകളിലല്ലാതെ മനുഷ്യഹൃദയത്തിൽ ദൈവം എഴുതിയ പരിശുദ്ധ നിമിഷമാണ് ഈ ദിനം ഓർമ്മപ്പെടുത്തുക. പെന്തക്കോസ്താത്തിരുനാൾ മനുഷ്യാസ്ഥിത്വത്തിന് പകർന്നു തരുന്ന വിശ്വാസാനുഭവം ദൈവമക്കളുടേതാണ് (റോമാ 8: 14 – 16). ഞാൻ ദൈവത്തിന്റെ കുഞ്ഞാണെന്ന അനുഭവവും, അവബോധവും നമ്മിൽ ഊട്ടിയുറപ്പിച്ച പുണ്യമുഹൂർത്തമായിരുന്നല്ലോ നമ്മുടെ ജ്ഞാനസ്നാന ദിനം. ദൈവസ്നേഹം നമ്മുടെ ഹൃദയത്തിലേക്ക് ചൊരിയപ്പെട്ടെന്നും (റോമാ 5: 5) ക്രിസ്തുവിന്റെ സ്നേഹം നമ്മളെ ഉത്തേജിപ്പിക്കുന്നെന്നും (2 കോറി 5: 14) പൗലോസ് ശ്ലീഹായും നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ഈ തിരുനാൾ അസ്തിത്വപരവും, ഗുണപരവുമായ ഒരു മാറ്റവും ബന്ധവും ദൈവത്തോടും മനുഷ്യരോടും വരുത്തുന്നു. ആത്മീയാനുഭവങ്ങളുടെ ബാഹുല്യം കൊണ്ടല്ല, ദൈവാത്മാവോട് വിധേയപ്പെട്ട് ആത്മസത്തയോട് എന്നും എവിടെയും ചേർന്നു നിൽക്കുന്നതാകണം നമ്മുടെ ജീവിതം. ഭൗതികാനുഭവങ്ങൾക്കായിക്കൊള്ളട്ടെ ആത്മീയാനുഭവങ്ങൾക്കായിക്കൊള്ളട്ടെ ഒരാരംഭവും ഒരവസാനവുമുണ്ടല്ലോ. എന്നാൽ പെന്തക്കോസ്ത ദൈവത്തിന്റെ നിത്യതയിലേക്ക് മനുഷ്യനെ ഉൾച്ചേർക്കുന്നു.

ഇന്നത്തെ ഒന്നാം വായന ആത്മാവിന്റെ ആഗമനത്തെ മൂന്ന് പ്രതീകങ്ങളിലൂടെയാണല്ലോ സാക്ഷ്യപ്പെടുത്തുന്നത് : ഭൂമികുലുക്കം, അഗ്നി ജ്വാലകൾ, ഭാഷാവരം.

**1. ഭൂമികുലുക്കം** : പരിശുദ്ധാത്മാവ് പാപത്തിന്റെ ഘടനകളെ സഭയിൽ നിന്നും, നമ്മിൽ നിന്നും ഇളക്കിമറിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ അഴിച്ചു വിട്ട കാറ്റ് ഏതെല്ലാം രൂപത്തിലാണ് സഭയെ ഉഴുതുമറിച്ച് നവീകരിച്ചുകൊണ്ടിരിക്കുന്നത്. പലപ്പോഴും നമ്മുടെ അവശതയ്ക്ക് കാരണം ആത്മാവിനോടുള്ള മൽപ്പിടുത്തമാണല്ലോ.

**2. അഗ്നി ജ്വാലകൾ** : നമ്മിലും സഭയിലുമുള്ള തിന്മകൾ അഗ്നിയാൽ കത്തിച്ച്, ശുദ്ധീകരിച്ച് ദൈവത്തിന്റെ 'DNA' നമ്മിൽ പുന:സ്ഥാപിക്കുന്നു.

**3. ഭാഷാവരം** : മനുഷ്യനിലൂടെ മനുഷ്യൻ ദൈവത്തെ കണ്ട് സാഹോദര്യം എന്ന ഭാഷ ഞാൻ സംസാരിക്കണം. സ്നേഹമല്ലാതെ മറ്റൊരടയാളവും തന്റെ ശിഷ്യർക്ക് ചേരില്ലെന്നും, സ്നേഹത്തെ പ്രതി ജീവൻ ബലിദാനമാക്കാൻ കഴിയുമെന്നും ഗുരു പഠിപ്പിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്തുവല്ലോ. സ്നേഹമെന്ന ഭാഷ ആർക്കാണ് മനസ്സിലാവാത്തത്.

ഈ പെന്തക്കോസ്താനാളിൽ നമുക്ക് നമ്മോടുതന്നെ ചോദിക്കാവുന്ന ഒരു ആത്മശോധനാ വിഷയമുണ്ട് : ദൈവമക്കളായ നമ്മൾ വളരുന്തോറും കേവലം സ്ത്രീ-പുരുഷന്മാരായി മാത്രം ചുരുങ്ങുന്നതെന്തേ? കൃപാവരങ്ങളെക്കുറിച്ചും പാരമ്പര്യങ്ങളെക്കുറിച്ചുമുള്ള മാത്സര്യബുദ്ധിയും, വൻപ് പറച്ചിലും ദൈവനിശ്ചിതമായ ശുശ്രൂഷകളൊക്കെ വെട്ടിപ്പിടിക്കാനുള്ള മനുഷ്യന്റെ കൗശലവും കർത്താവിന്റെ സഭയിലെന്തിന്? നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ സ്നാനമേറ്റെന്നും (1 കോറി. 12: 13) ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂവെന്നും (എഫേ 4: 5) നമ്മൾ മറന്നു പോകുന്നില്ലേ?

## ആമുഖം

സ്നേഹമുള്ളവരെ, ഇന്ന് തിരുസഭയുടെ ജന്മദിനം അഥവാ പെന്തക്കൊസ്താത്തിരുനാൾ നാം സാഘോഷം കൊണ്ടാടുകയാണ്. ഭയത്തോടും വിറയലോടും കൂടെ ഇനി എന്ത് ചെയ്യും എന്നറിയാതെ യഹൂദരെ ഭയന്ന് കതകടച്ച്, മുറിക്കകത്ത് പരി. അമ്മയോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ അപ്പോസ്തലന്മാരുടെമേൽ ഇറങ്ങി വന്നത്. ഗലീലിയക്കാരായ അപ്പോസ്തലന്മാർ സംസാരിക്കുന്നത് ലോകം മുഴുവനിലും നിന്നുവന്നവർക്ക് തങ്ങളുടെ ഭാഷയിൽ മനസ്സിലാക്കാൻ സാധിച്ചു. അസ്വസ്ഥരായിരുന്ന അവരെ പരി. അമ്മ ഒരുമിച്ചുകൂട്ടി സ്വസ്ഥരാക്കിയപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നു. മൂന്ന് വർഷക്കാലം കൂടെ നടന്ന്, കണ്ട്, അനുഭവിച്ച് മനസ്സിലാക്കിയതെല്ലാം ഒരു സ്ക്രീനിലെന്നപോലെ കണ്മുന്നിൽ തെളിഞ്ഞപ്പോൾ അവർ ധൈര്യപൂർവ്വം പ്രസംഗിക്കാൻ തുടങ്ങി. പരി. അമ്മയെ കൂട്ടുപിടിച്ചാൽ നമ്മുടെയും അസ്വസ്ഥതകളെല്ലാം മാറും, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവത്തിന് സാക്ഷികളാകാൻ നമുക്കും സാധിക്കും. അതിനുവേണ്ട അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (2 : 1 - 11)

*(അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു, അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി)*

പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.
ആകാശത്തിൻകീഴുള്ള സകല ജനപദങ്ങളിലും നിന്നുവന്ന ഭക്തരായ യഹൂദർ ജറുസലെമിൽ ഉണ്ടായിരുന്നു. ആരവം ഉണ്ടായപ്പോൾ ജനം ഒരുമിച്ചു കൂടുകയും തങ്ങളോരോരുത്തരുടെയും ഭാഷകളിൽ അപ്പസ്തോലൻമാർ സംസാരിക്കുന്നതുകേട്ട് അദ്ഭുതപ്പെടുകയുംചെയ്തു. അവർ വിസ്മയഭരിതരായി പറഞ്ഞു: ഈ സംസാരിക്കുന്നവരെല്ലാവരും ഗലീലിയരല്ലേ? നാമെല്ലാവരും താന്താങ്ങളുടെ മാതൃഭാഷയിൽ ശ്രവിക്കുന്നതെങ്ങനെ? പാർത്തിയാക്കാരും മേദിയാക്കാരും എലാമിയാക്കാരും മെസെപ്പൊട്ടാമിയൻ നിവാസികളും യൂദയായിലും കപ്പദോക്കിയായിലും പോന്തസിലും ഏഷ്യയിലും താമസിക്കുന്നവരും ഫ്രീജിയായിലും പാംഫീലിയായിലും ഈജിപ്തിലും കിറേനേയുടെ ലിബിയാപ്രദേശങ്ങളിലും നിവസിക്കുന്നവരും റോമായിൽനിന്നുള്ള സന്ദർശകരും യഹൂദരും യഹൂദമതം സ്വീകരിച്ചവരും ക്രേത്യരും അറേബ്യരും ആയ നാമെല്ലാം, ദൈവത്തിൻെറ അദ്ഭുതപ്രവൃത്തികൾ അവർ വിവരിക്കുന്നതു നമ്മുടെ മാതൃഭാഷകളിൽ കേൾക്കുന്നല്ലോ.

കർത്താവിന്റെ വചനം

## പ്രതിവചനസങ്കീർത്തനം

### (104 : 1ab+24ac, 29bc-30, 31+34)

**കർത്താവേ അങ്ങ് ജീവശ്വാസമയച്ച് ഭൂമുഖം നവീകരിക്കണമേ**

എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; എൻെറ ദൈവമായ കർത്താവേ, അങ്ങ് അത്യുന്നതനാണ്; കർത്താവേ, അങ്ങയുടെ സൃഷ്ടികൾ എത്ര വൈവിധ്യപൂർണങ്ങളാണ്! ഭൂമി അങ്ങയുടെ സൃഷ്ടികളാൽ നിറഞ്ഞിരിക്കുന്നു.

**കർത്താവേ അങ്ങ്.....**

അങ്ങ് അവയുടെ ശ്വാസം പിൻവലിക്കുമ്പോൾ അവ മരിച്ചു പൂഴിയിലേക്കു മടങ്ങുന്നു അങ്ങ് ജീവശ്വാസമയയ്ക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു; അങ്ങു ഭൂമുഖം നവീകരിക്കുന്നു.

**കർത്താവേ അങ്ങ്.....**

കർത്താവിൻെറ മഹത്വം എന്നേക്കും നിലനിൽക്കട്ടെ! കർത്താവു തൻെറ സൃഷ്ടികളിൽ ആനന്ദിക്കട്ടെ! എൻെറ ഈ ഗാനം അവിടുത്തേക്കു പ്രീതികരമാകട്ടെ! ഞാൻ കർത്താവിൽ ആനന്ദിക്കുന്നു.

**കർത്താവേ അങ്ങ്.....**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (8 : 8 - 17)

*(ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രൻമാരാണ്)*

സഹോദരരേ, ജഡികപ്രവണതകളനുസരിച്ചു ജീവിക്കുന്നവർക്കു ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. ദൈവത്തിൻെറ ആത്മാവ് യഥാർഥമായി നിങ്ങളിൽ വസിക്കുന്നെങ്കിൽ നിങ്ങൾ ജഡികരല്ല, ആത്മീയരാണ്. ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല. എന്നാൽ, നിങ്ങളുടെ ശരീരം പാപംനിമിത്തം മൃതമാണെങ്കിലും ക്രിസ്തു നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ ആത്മാവ് നീതി നിമിത്തം ജീവനുള്ളതായിരിക്കും. യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻെറ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, യേശുക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തൻെറ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും.
ആശയാൽ, സഹോദരരേ, ജഡികപ്രവണതകൾക്കനുസരിച്ചു ജീവിക്കാൻ നാം ജഡത്തിനു കടപ്പെട്ടവരല്ല. ജഡികരായി ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ, ശരീരത്തിൻെറ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവ

ത്തിൻെറ പുത്രൻമാരാണ്. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിൻെറ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിൻെറ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണു നാം ആബാ - പിതാവേ - എന്നു വിളിക്കുന്നത്. നാം ദൈവത്തിൻെറ മക്കളാണെന്ന് ഈ ആത്മാവു നമ്മുടെ ആത്മാവിനോട് ചേർന്ന് സാക്ഷ്യം നൽകുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിൻെറ അവകാശികളും ക്രിസ്തുവിൻെറ കൂട്ടവകാശികളും. എന്തെന്നാൽ, അവനോടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** V പരിശുദ്ധാത്മാവേ, എഴുന്നള്ളുക; വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കുക; അവയിൽ അങ്ങയുടെ സ്നേഹാഗ്നി ഉജ്ജ്വലിപ്പിക്കുക - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള വായന (14 : 15-16, 23b - 26)

*(പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും)*

അക്കാലത്ത് യേശു തന്റെ ശിഷ്യൻമാരോട് അരുളിച്ചെയ്തു: നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കൽപന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും. എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം പാലിക്കും. അപ്പോൾ എൻെറ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവൻെറ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും. എന്നെ സ്നേഹിക്കാത്തവനോ എൻെറ വചനങ്ങൾ പാലിക്കുന്നില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എൻേറതല്ല; എന്നെ അയച്ച പിതാവിൻേറതാണ്.

നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ, എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ :** പ്രിയ സഹോദരരെ, നന്മയുടെ വഴിയിലൂടെ സധൈര്യം മുന്നേറുവാൻ നമുക്ക് ശക്തി പകരുന്ന പരിശുദ്ധാത്മാവിനെ നൽകിയ പരമ പിതാവിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, പത്രോസിന്റെ പിൻഗാമിയാകുവാൻ അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെ അനുഗ്രഹിക്കണമെ. പത്രോസ് ശ്ലീഹായുടെ ഒറ്റ പ്രസംഗം കൊണ്ട് മൂവ്വായിരത്തോളം പേർ ക്രിസ്തുവിന്റെ അനുയായികളായി മാറിയതു പോലെ, ലോകം മുഴുവനും ഈ ഏക ഇടയന്റെ കീഴിൽ ഒരുമയോടെ നിലകൊള്ളാൻ തക്കവിധം പരിശുദ്ധാത്മാവിന്റെ ചൈതന്യം നൂറിരട്ടിയായി ഒഴുക്കി പാപ്പയെ ധന്യനാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ താതാ, ഞങ്ങളുടെ എല്ലാ രൂപതാദ്ധ്യക്ഷന്മാരെയും, വൈദീകരെയും, സന്യസ്തരെയും അനുഗ്രഹിക്കണമെ. അപ്പോസ്തലന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ധൈര്യസമേതം ക്രിസ്തുവിനെ പ്രഘോഷിച്ചതുപോലെ ഉത്ഥിതനായ ക്രിസ്തുവിന്റെ ഉത്തമ സാക്ഷികളാണ് തങ്ങളെന്ന് ഏത് പ്രതികൂല സാഹചര്യത്തിലും ധൈര്യപൂർവ്വം പ്രഘോഷിക്കാൻ ഇവരുടെ മാനസങ്ങളെ സജ്ജമാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ദൈവമേ, ഈ അൾത്താരയ്ക്ക് ചുറ്റും അണഞ്ഞിരിക്കുന്ന ഞങ്ങൾ ഓരോരുത്തരെയും സമർപ്പിക്കുന്നു. യഹൂദരെ ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാർക്ക് ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കുവാൻ ധൈര്യം നൽകിയ അങ്ങേ പരിശുദ്ധാത്മാവിനെ ഞങ്ങളുടെമേലും വർഷിക്കണമെ. മാമ്മോദീസായിലൂടെ ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങ് തെളിയിച്ച വിശ്വാസ നാളം ജീവിതത്തിലുടനീളം അണയാതെ സൂക്ഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. അറിവിന്റെ ഉറവിടമായ ദൈവമേ, പലവിധ പ്രവേശന പരീക്ഷകളും എഴുതി, വിജയ പ്രതീക്ഷയോടെയായിരിക്കുന്ന എല്ലാ മക്കളെയും അങ്ങേ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. പരീക്ഷാഫലം എന്തുതന്നെയായാലും അതിൽ ദൈവഹിതം തിരിച്ചറിയാനുള്ള കൃപ ഓരോ മക്കൾക്കും നൽകണമെ. ഓരോ തീരുമാനങ്ങളെടുക്കുമ്പോഴും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടുവാനും, ശരിയായ തീരുമാനങ്ങളെടുക്കുവാനും ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. വഴിയും സത്യവും ജീവനുമായ ദൈവമേ, മരണമടഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിത്യസൗഭാഗ്യം പ്രദാനം ചെയ്യണമെ. അവർ ഈ ലോകത്തിലായിരുന്നപ്പോൾ അങ്ങേ സ്നേഹപ്രമാണങ്ങൾക്കെതിരായി ചെയ്തുപോയ തെറ്റുകുറ്റങ്ങളെല്ലാം സദയം പൊറുത്ത്, നിത്യജീവനിലേയ്ക്ക് ഇവരെ പ്രവേശിപ്പിക്കണമെന്നും, മരണാസന്നരായ ഞങ്ങളുടെ സഹോദരങ്ങൾക്ക് സൽമരണം നൽകി അനുഗ്രഹിക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ :** സ്നേഹ പിതാവേ, അങ്ങയുടെ വചനം പാലിക്കുന്ന ഞങ്ങളിൽ അങ്ങ് വാസമുറപ്പിക്കുകയും, അങ്ങേ പരിശുദ്ധാത്മാവിനെ നൽകി ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ബേബി ലിയോൺ S. H. E.

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

ആത്മാവാം ദൈവമേ വരണേ
എന്റെ ഉള്ളിൽ വസിക്കാൻ വരണേ (2)
ദാഹിച്ചു നിന്നെ ഞാൻ തേടുന്നു
സ്വർഗം തുറന്നിറങ്ങി നീ വരണേ (2) (ആത്മാവാം....)

തിരുരക്തത്താൽ അഭിഷേകം ചെയ്യണേ
അഗ്നിയാൽ പരിശുദ്ധി നൽകണേ (2)
ആത്മാവാം ദൈവമേ വരണേ
എന്റെ ഉള്ളിൽ വസിക്കാൻ വരണേ (2)

രോഗത്താൽ ഞാൻ വലഞ്ഞീടുമ്പോൾ
സൗഖ്യമായ് നീ എന്നിൽ വരണേ (2)
ആത്മാവാം ദൈവമേ വരണേ
എന്റെ ഉള്ളിൽ വസിക്കാൻ വരണേ (2)

### കാഴ്ചവയ്പ് ഗാനം

ആത്മദാനമായ് നൽകാനപ്പവും വീഞ്ഞും
ആശീർവ്വദിച്ചൊരാ കൈകളിൽ നാഥാ
ഏകിടുന്നു ഞങ്ങളെ പൂർണ്ണമായി
കൈക്കൊള്ളണേ ഈശോ നൈവേദ്യമായ് (2)
(ആത്മദാനമായ്......)

അൾത്താരവേദിയിൽ അർപ്പിതമാകാൻ
ഞങ്ങൾ ഒരുക്കിടും അപ്പവും വീഞ്ഞും (2)
ദാസർക്കു പകരമായ് കൈക്കൊള്ളണേ
പ്രീതിയോടീബലി സ്വീകരിക്കണമേ (2)
(ആത്മദാനമായ്......)

### ദിവ്യകാരുണ്യ ഗാനം

സ്നേഹം അപ്പമായ് മുറിയുന്നിതാ
ത്യാഗം സ്നേഹമായ് മാറുന്നിതാ
സഹനങ്ങൾ ആനന്ദമാകുന്നിതാ
നോവുകൾ മധുരമായ് തീരുന്നിതാ
ഈ യാഗ വേദിയിൽ എൻ യേശുനാഥൻ
തൻ ജീവനെപ്പോലും നൽകുന്നിതാ (സ്നേഹം.......)

സ്നേഹത്തിനർത്ഥം ഞാൻ കാണുന്നിതാ
ഈ തിരുവോസ്തിയിൽ
ത്യാഗത്തിനാഴം ഞാൻ അറിയുന്നിതാ
ഈ ദിവ്യ കൂദാശയിൽ

ഹൃദയം നാഥനായി നൽകാം
ഈ സ്നേഹ കൂദാശയിൽ
അഭയം നാഥനിലെന്നാൽ
മഹിയിൽ ഭാഗ്യമതല്ലോ
ഓരോ നിമിഷവും എന്നിൽ
സ്നേഹം തൂകിടും നാഥൻ
ആരും നൽകാത്ത സ്നേഹം
നാഥൻ നൽകിയിടും (സ്നേഹം.......)

എന്നിൽ നാഥൻ വരുമ്പോൾ
ജന്മം ധന്യമായ് തീരും
മൃദുവായ് നാഥൻ തൊടുമ്പോൾ
അധരം നിൻ സ്തുതി പാടും
എന്നും മനസ്സിന്റെ ഉള്ളിൽ
നാഥൻ വാസമാക്കീടും
പാദം തളരാതെ എന്നും
നാഥൻ നയിച്ചീടും (സ്നേഹം.......)

| June | വിശുദ്ധർ | വായനകൾ |
|---|---|---|
| 09 Mon | St. Ephrem | Gen 3: 9-15. 20 or Act 1: 12-14/ Ps 87: 1-2. 3 et 5. 6-7/ Jn 19: 25-34 |
| 10 Tue | St. Getulius | 2 Cor 1: 18-22/ Ps 119: 129. 130. 131. 132. 133. 135/ Mt 5: 13-16 |
| 11 Wed | St. Barnabas | Act 11: 21b-26; 13: 1-3/ Ps 98: 1. 2-3ab. 3cd-4. 5-6/ Mt 10: 7-13 |
| 12 Thu | St. John of Sahagun | 2 Cor 3: 15 -- 4: 1. 3-6/ Ps 85: 9ab and 10. 11-12. 13-14/ Mt 5: 20-26 |
| 13 Fri | St. Anthony of Padua | 2 Cor 4: 7-15/ Ps 116: 10-11. 15-16. 17-18/ Mt 5: 27-32 |
| 14 Sat | St. Methodius I | 2 Cor 5: 14-21/ Ps 103: 1-2. 3-4. 8-9. 11-12/ Mt 5: 33-37 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ
Radio Maria Association
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.